# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3441** **14-03-2018 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ:** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** | |
| (എ) | ലീഗൽ മെട്രോളജി വകുപ്പിൽ എത്ര സീനിയർ സൂപ്രണ്ട് തസ്തികയാണുള്ളത്; വകുപ്പിൽ പുതിയതായി സീനിയർ സൂപ്രണ്ടിന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; | (എ) | ലീഗൽ മെട്രോളജി വകുപ്പിൽ പുതുതായി സൃഷ്ടിച്ച ഒരു സീനിയർ സൂപ്രണ്ട് തസ്തിക ഉൾപ്പെടെ 2 സീനിയർ സൂപ്രണ്ട് തസ്തികകൾ നിലവിലുണ്ട്. |
| (ബി) | ഇപ്പോൾ സീനിയർ സൂപ്രണ്ടായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥനെ സീനിയോറിറ്റി മറികടന്നാണോ നിയമിച്ചിട്ടുള്ളത്; അങ്ങനെയെങ്കിൽ സീനിയോറിറ്റി മറി കടന്ന് നിയമിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ; | (ബി) | 5-12-2014-ലെ 6086/14/റവ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ച സീനിയോറിറ്റി പ്രകാരമുള്ള ഉദ്യോഗസ്ഥനെയാണ് സീനിയർ സൂപ്രണ്ട് തസ്തികയിൽ താത്കാലിക പ്രമോഷൻ നൽകി നിയമിച്ചിട്ടുള്ളത്. |
| (സി) | ഈ തസ്തികയിലേക്ക് യോഗ്യതയുള്ള ജീവനക്കാരിക്ക് നിയമനം നൽകാതെ സ്ഥലം മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ